# 'അസ്സലാം' – സമാധാന സമ്രാട്ട് (6)

ഇന്നും ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞ വിഷയം തന്നെയാണ് തുടരുന്നത്. സമൂഹത്തിലെ വഴക്കുകളും ലഹളകളും അവസാനിപ്പിക്കുന്നതിനും സമാധാനവും ശാന്തിയും ഐക്യവും സന്തോഷവും പരത്തുന്നതിനുമായി സാമ്പത്തികമായ കൊടുക്കൽ വാങ്ങലിന്റെ ഉടമ്പടികളേയും വാണിജ്യപരമായ ഉടമ്പടികളേയും അല്ലെങ്കിൽ കടം തുടങ്ങിയവ കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ അതെങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചും ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നതെന്താണ്? കഴിഞ്ഞ ഖുത്ബയിൽ ഇതു സംബന്ധമായുള്ള പലിശയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. സമൂഹത്തിൽ കലഹങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്ന ഒരു കാര്യമാണ് പലിശ. അല്ലാഹു പലിശയെ കഠിനതരമായി നിരോധിച്ചിരിക്കുന്നു. ഇതു സംബന്ധമായി ഖുർആനിക കല്പനകൾ എന്താണെന്ന് നാം നോക്കേണ്ടതാണ്. ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ, അല്ലാഹുതആല പലിശ വാങ്ങുന്നവരെ താനുമായി യുദ്ധം ചെയ്യുന്നവരാണെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇതൊരു നിസ്സാരകാര്യമല്ല. അല്ലാഹുവിന് എല്ലാതരം ഉപദ്രവങ്ങളിൽനിന്നും തന്റെ സൃഷ്ടികൾ രക്ഷപ്പെട്ടിരിക്കുന്നതും സമാധാനത്തോടെയിരിക്കുന്നതും സമാധാനം പരത്തുന്നതും വളരെയേറെ ഇഷ്ടമാണ്. പലിശ വാങ്ങുന്നവരുടെ കൈയിൽ കുടുങ്ങി, നല്ലവനും മാന്യനുമായ സമ്പന്നൻ ഭ്രാന്തനായിത്തീരുന്ന ഭയാനകമായ കാഴ്ചയാണ് ചില ഘട്ടങ്ങളിൽ വെളിയിൽ വരുന്നത്. സുഖസമൃദ്ധമായ നിലയിൽ ജീവിച്ചിരുന്ന കുടുംബം നിരാശയ്ക്കും അവഗണനയ്ക്കും ഇരയായിത്തീരുന്നു. പിന്നീട് അവരുടെ മക്കളും അങ്ങേയറ്റം വിഷമസന്ധിയിൽ കഴിയേണ്ടിവരുന്നു. മുസ്‌ലിംകളുടെ വീടുകളിൽ ഇതെല്ലാം ഉണ്ടാകുന്നത് 'ചെയ്യരുത്' എന്ന് അല്ലാഹു വിലക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ്. ചിലപ്പോൾ ഈ പലിശപ്പണം നിസ്സാരവും അനാവശ്യവുമായ ചെലവുകൾക്കായിട്ടായിരിക്കും വാങ്ങുന്നത്. പലിശ തിന്നുന്നവർക്ക് അല്ലാഹു വാർണിംഗ് നല്കിയിരിക്കുന്നു; ആവശ്യക്കാരേയും നിർബന്ധിതരായവരേയും ചൂഷണം ചെയ്യരുതെന്ന്. അതിനോടൊപ്പം അനാവശ്യമായി കടങ്ങളിൽപെട്ട് നിങ്ങളുടേയും നിങ്ങളുടെ വീട്ടുകാരുടേയും ശാന്തിയും സമാധാനവും കെടുത്തരുതെന്ന് പറഞ്ഞ് കടം വാങ്ങുന്നവർക്കും വാർണിംഗ് നല്കിയിരിക്കുന്നു.

എനിക്കറിയാം. ചിലയാളുകൾ ലണ്ടനിൽ വരുന്നു. പലിശയുടെമേൽ പലിശയ്ക്ക് പണം കടമെടുത്തുകൊണ്ടാണ് വരുന്നത്. സദുദ്ദേശ്യത്തോടെ ജൽസയിൽ പങ്കെടുക്കുന്നതിനായിട്ടാണ് കടമെടുത്തതെന്ന് പറയുകയും ചെയ്യുന്നു. ഇത് തികച്ചും തെറ്റായ കാര്യമാണ്. ഇത് തന്നത്താൻ വഞ്ചിക്കുന്ന കാര്യമാണ്. മാർഗ്ഗമില്ലെങ്കിൽ ഹജ്ജ്പോലും ചെയ്യരുതെന്നാണ് കല്പനയുള്ളത്. അതുകൊണ്ട് ഈ തന്ത്രം മെനഞ്ഞെടുത്ത് തന്നത്താൻ ചതിയിൽ അകപ്പെടുത്തരുത്. മറ്റെന്തെങ്കിലും ഉദ്ദേശ്യവും ഇതിന്റെ പിന്നിലുണ്ടാകാം.

ഇപ്പോൾ ജൽസ നടക്കാൻ പോകുകയാണ്. ജനങ്ങൾ ഇതിൽ പങ്കെടുക്കുന്നതിന്നായി വരും. ഇൻശാഅല്ലാഹ്. കഴിവുള്ളവർ മാത്രമാണ് വരേണ്ടത്. അനാവശ്യമായി കടം വലിച്ചുവെച്ച് വരേണ്ട ആവശ്യമേയില്ല. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുക. വർഷം മുഴുവൻ കുറേശ്ശെ പൈസ കൂട്ടിവയ്ക്കുക. അപ്പോൾ അവസാനം ഭാരം തോന്നുകയില്ല. കഴിവുള്ളവർക്ക് അങ്ങനെ ചെയ്യാൻ കഴിയും. അല്ലെങ്കിൽ തന്നത്താൻ ചതിയിൽപെടുത്തുക മാത്രമല്ല മറിച്ച്, ധിക്കാരം കാണിച്ച് സമാധാനത്തിൽനിന്നും പിന്തള്ളുകയുമാണ് ചെയ്യുന്നത്. അവസ്ഥകൾ വിപരീതമായ കാരണത്താൽ കൃത്യസമയത്ത് കടം വീട്ടാൻ കഴിഞ്ഞില്ലെങ്കിൽ സ്വയം ബുദ്ധിമുട്ടിൽപെടുകയും, തന്റെ ഭാര്യാമക്കളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുകയും ചെയ്യുന്നു. വീട്ടിലെ സമാധാനം നശിക്കുന്നു.

വേറെ തരത്തിലുള്ള ആളുകളുണ്ട്. വിവാഹം തുടങ്ങിയവ നാട്ടുനടപ്പനുസരിച്ച് നടത്താൻ വേണ്ടി അനാവശ്യ ചെലവുകൾക്കായി അവർ കടം എടുക്കാറുണ്ട്. പാക്കിസ്ഥാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ കടത്തിന്റെ ശാപം വളരെയധികമാണ്. മറ്റു ദരിദ്രരാഷ്ട്രങ്ങളിലും ഇതുണ്ട്. പലിശ ഇടപാടുകൾ

നടത്തുന്നവർക്ക് കഠിനമായ ശിക്ഷ നല്കുമെന്നുള്ള ഒരു ബിൽ പഞ്ചാബ് സർക്കാർ അസംബ്ലിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്നൊരു വാർത്ത കഴിഞ്ഞദിവസം പാക്കിസ്ഥാനിൽനിന്ന് വന്നിരുന്നു. അത് പാസായോ ഇല്ലേ എന്നറിയില്ല. ഇത് നല്ലൊരു കാര്യമാണ്. പക്ഷേ, മുസ്ലിം രാജ്യം എന്ന നിലയിൽ, പാക്കിസ്ഥാന്റെ സ്വന്തം സാമ്പത്തികവ്യവസ്ഥിതിയും കടത്തിന്റെ ശാപത്തിൽനിന്ന് പരിശുദ്ധമായിരിക്കേണ്ടതാണ്. ഇതിനുവേണ്ടിയും ഇവർ പരിശ്രമിക്കണം. എന്തായാലും ഈ പലിശക്കടത്തിന്റെ ലഅ്നത്ത് കുടുംബങ്ങളെ തകർക്കുന്നു. അഹ്മദിമുസ്ലിം എന്ന നിലയിൽ, നാം ഇതിൽനിന്ന് ഒരുപാട് രക്ഷപ്പെടേണ്ടതാണ്. ചില നിർബന്ധഘട്ടങ്ങൾ വരുന്ന കാരണത്താൽ പലിശയ്ക്ക് പണം കടം എടുക്കേണ്ടിവരുന്നുവെന്ന് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ആരോ പറഞ്ഞു. എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ആരാണോ അല്ലാഹുവിൽ സർവ്വവും സമർപ്പിക്കുന്നത്, അല്ലാഹു എന്തെങ്കിലും കാര്യം അദൃശ്യത്തിൽ നിന്ന് അവനായി ഉണ്ടാക്കുന്നു. അഹോ കഷ്ടം. ജനങ്ങൾ ഇക്കാര്യം മനസ്സിലാക്കുന്നില്ല. മുത്തഖീങ്ങൾക്ക് പലിശയ്ക്ക് പണം എടുക്കേണ്ട നിർബന്ധിതാവസ്ഥ അല്ലാഹു ഒരിക്കലും ഉണ്ടാക്കുകയില്ല. ഓർമ്മിക്കുക, വ്യഭിചാരം, കളവ് തുടങ്ങിയ പാപം പോലെതന്നെയാണ് പലിശ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതും. എത്രത്തോളം നഷ്ടകരമായ കാര്യമാണിത്; പണവും പോയി. നിലയും വിലയും പോയി. ഈമാനും പോയി. സാധാരണജീവിതത്തിൽ പലിശയ്ക്ക് കടമെടുത്ത് ജീവിക്കേണ്ട ഒരു കാര്യവും വരുന്നില്ല. ഉദാഹരണത്തിന് നിക്കാഹ്. ഒരു ചെലവുമില്ലാത്ത കാര്യമാണിത്. ഇരുകക്ഷികളും ഇഷ്ട്പ്പെട്ട് സമ്മതിച്ചു. നിക്കാഹും നടന്നു. അതിനുശേഷം വലീമ സുന്നത്താണ്. അതിന് കഴിയില്ലെങ്കിൽ അതും മാപ്പാണ്. മനുഷ്യൻ ഉള്ളതുകൊണ്ടു ജീവിക്കുകയാണെങ്കിൽ, അവന് ഒരു നഷ്ടവും ഉണ്ടാകുകയില്ല. ജനങ്ങൾ തങ്ങളുടെ ഇന്ദ്രിയാശകൾക്കും താൽക്കാലിക സന്തോഷത്തിനും വേണ്ടി അല്ലാഹുവിനെ വെറുപ്പിക്കുന്നു എന്നത് വിഷമകരമായ കാര്യമാണ്. അത് അവരുടെ നാശത്തിനുള്ള കാര്യമാണ്. നോക്കുക, പലിശ എത്രമാത്രം കഠിനതരമായ പാപമാണ്. പന്നിയിറച്ചി തിന്നുന്നത് നിർബന്ധിതാവസ്ഥയിൽ അനുവദനീയമാക്കിയിരിക്കുന്നു എന്ന കാര്യം ഇവർക്കറിയില്ലേ? അവൻ പറയുന്നു:

***ഫമനിള്ത്വുർറ ഗയ്റ ബാഗിൻ വ്വലാ ആദിൻ ഫലാ ഇഥ്മ അലയ്ഹി ഇന്നല്ലാഹ ഗഫൂറുൻ റഹീം.***

എന്നാൽ, മനഃപൂർവ്വം നിയമം ലംഘിക്കാതെയും അതിരുകടക്കാതെയും വല്ലവനും നിർബന്ധിതനായിപ്പോയെങ്കിൽ അവന്റെമേൽ കുറ്റമൊന്നുമില്ല. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ. (2:174) എന്നാൽ, നിർബന്ധിതാവസ്ഥയിൽ പലിശ അനുവദനീയമാണെന്ന് പറഞ്ഞിട്ടില്ല. പ്രത്യുത അതിനെക്കുറിച്ചുള്ള നിർദ്ദേശം

***യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വദറൂ മാ ബഖിയ മിനർരിബാ ഇൻകുൻതും മുഅ്മിനീൻ ഫഇൻല്ലം തഫ്അലൂ ഫഅ്ദനൂ ബിഹർബിൻമ്മിനല്ലാഹി വ റസൂലിഹീ.*** (2:274)

പലിശ കൊടുക്കുന്നതിൽനിന്നും വാങ്ങുന്നതിൽനിന്നും പിൻമാറുന്നില്ലെങ്കിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടും യുദ്ധത്തെക്കുറിച്ചുള്ള പ്രഖ്യാപനമാണ്. മുസ്ലിംകൾ ഈ പരീക്ഷണത്തിൽ കുടുങ്ങിയിട്ടുണ്ടെങ്കിൽ ഇത് അവരുടെ സ്വന്തം ദുഷ്ക്കർമ്മങ്ങളുടെ ഫലമാണ്. മനുഷ്യൻ അവന്റെ ഉപജീവനത്തിനുള്ള മാർഗ്ഗത്തിൽ, പലിശക്കടം എടുക്കാനുള്ള അവസരം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, ആദ്യം മുതലേ സ്വയം പര്യാപ്തമായ ജീവിതം നയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കാരണം പലിശ, യഥാർത്ഥ പണത്തേക്കാൾ അധികമായി പെരുകുന്നു. പിന്നീടുള്ള മുസ്വീബത്ത് കോടതിയും നോട്ടീസ് അയക്കുന്നു എന്നതാണ്. കോടതി എന്തു തെറ്റാണ് ഇതിൽ ചെയ്തിട്ടുള്ളത്. അവിടെ സമ്മതിച്ച് എഴുതിക്കൊടുത്തിട്ടുള്ളതിന്റെ അർത്ഥം, പലിശ കൊടുക്കാൻ തയ്യാറാണെന്നുള്ളതാണ്."

ഇവിടെ ഞാൻ പറഞ്ഞതുപോലെ നമ്മുടെ വലിയൊരു വിഭാഗം ആളുകൾ അനാവശ്യചെലവുകൾക്കായി പണം കടമെടുക്കുന്നവരാണ്. അതിനെക്കുറിച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. ഉദാഹരണത്തിന് നിക്കാഹിന് അനാവശ്യമായ ചെലവുണ്ടാകുന്നു. കല്യാണത്തിനും വലീമയ്ക്കും അനാവശ്യമായി ചെലവഴിക്കുന്നു. ജമാഅത്തിലും ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി അനാവശ്യമായി ചെലവഴിക്കുന്ന ചിലരുണ്ട്.

ജമാഅത്തിൽ കല്യാണാവശ്യത്തിനായി സഹായം നല്കാറുണ്ട്. ലളിതമായ നിലയിൽ കല്യാണം നടത്താൻ വേണ്ടിയാണ് ഇത് കൊടുക്കുന്നത്. തങ്ങൾക്ക് നിക്കാഹിനും, വലിമ നടത്താനും വേണ്ടി ഇത്ര പണം ആവശ്യമുണ്ടെന്ന് പറഞ്ഞ് ചില യാളുകൾ പിന്നാലെ കൂടുന്നു. സഹായം തരുന്നില്ലെങ്കിൽ, കടം കൊടുക്കാനാണ് പറയുന്നത്. നിശ്ചി

തസമയത്ത് കടം തിരിച്ചടയ്ക്കാനുള്ള കഴിവില്ലെന്ന് അവർക്ക് നന്നായിട്ടറിയാം. ജമാഅത്ത് തരുമെന്നുറപ്പ് തന്നാൽ, ഇപ്പോൾ എവിടെ നിന്നെങ്കിലും കടം വാങ്ങിക്കൊള്ളാമെന്ന് പറയുന്നു. അങ്ങനെ വാങ്ങിക്കഴിഞ്ഞാൽ ആ കടം വീട്ടാൻവേണ്ടി വീണ്ടും കടം വാങ്ങാൻ തുടങ്ങുന്നു. ഇതൊരു ശൃംഖലയായി മുന്നോട്ടു പോകുന്നു. അനാവശ്യമായിട്ട് കടമെടുക്കുമ്പോൾ, ഒരു ശയ്ത്വാനീ കുരുക്കിൽ പെട്ടുപോകയാണ് ചെയ്യുന്നത്. ഇങ്ങനെ വീടിന്റെ സ്വൈര്യം കെടുന്നു. കടമെടുത്തതിനുശേഷമുണ്ടാകുന്ന അവസ്ഥ കാരണത്താൽ മനസ്സിൽ അസ്വസ്ഥതയുണ്ടാകുന്നു. ഭാര്യഭർതൃമക്കൾ ബന്ധം തകരാറിലാകുന്നു. വീട്ടിൽ അക്രമം ഉണ്ടാകുന്നു. ഇതെല്ലാം ഒരു താൽക്കാലിക സന്തോഷത്തിനുവേണ്ടി തന്നത്താൻ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തുന്നതുകൊണ്ടാണ്; അക്കാര്യം പലിശ ഇല്ലാത്ത കടം വാങ്ങി ചെയ്യുകയാണെങ്കിലും അങ്ങനെതന്നെയാണുണ്ടാവുക. പലിശയ്ക്കു കടം വാങ്ങുക എന്നത് തികഞ്ഞ ശാപമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, കഠിനമായ വിശപ്പുകൊണ്ട് മരണം ആസന്നമാകുന്ന ഘട്ടത്തിൽ മറ്റൊന്നും കിട്ടിയില്ലെങ്കിൽ പന്നിയിറച്ചി കഴിക്കാൻ അനുവാദമുണ്ട്. പക്ഷേ, പലിശ കൊടുക്കാനോ വാങ്ങാനോ ഒട്ടും അനുവാദമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പലിശയ്ക്ക് പണം കടമെടുക്കുന്നവരേയും, അല്ലാഹുവുമായി യുദ്ധം ചെയ്യുന്നവരുടെ കൂട്ടത്തിൽപെടുത്തിയിരിക്കുകയാണ്. പലിശയ്ക്ക് പണം കൊടുക്കുന്നവനും ദൈവകല്പനയ്ക്കെതിരെയാണ് എഴുന്നേറ്റുനില്ക്കുന്നത്.

ചിലയാളുകൾ തങ്ങളുടെ പണം കൃത്യമായ ലാഭം കിട്ടണമെന്ന നിബന്ധനയോടുകൂടി ആർക്കെങ്കിലും കൊടുക്കുന്നു. ഓരോ മാസമോ ആറുമാസം കൂടുമ്പോഴോ വർഷത്തിനുശേഷമോ ഇത്രയും ലാഭം തനിക്കു കിട്ടണമെന്ന് പറയുന്നു. ഇതും പലിശയുടെ ഒരു ഇനമാണ്. ഇതു കച്ചവടമല്ല. കച്ചവടത്തിന്റെ പേരിലുള്ള വഞ്ചനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പലിശയ്ക്ക് കൊടുത്തിരിക്കുന്ന നിർവചനം ഇങ്ങനെയാണ്. 'ഒരാൾ തന്റെ നേട്ടത്തിനായി മറ്റുള്ളവർക്കും പണം കടം കൊടുക്കുന്നു. ലാഭം നിശ്ചയിക്കുകയും ചെയ്യുന്നു. ലാഭം നിശ്ചയിക്കുക എന്നത് പലിശയുടെ രൂപമാണ്. അവിടന്ന് പറഞ്ഞു, 'ഈ നിർവചനം എവിടെയൊക്കെ പുലരുന്നുവോ അത് പലിശ എന്നു പറയപ്പെടും.' അതുകൊണ്ട് ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ ലാഭം മുൻകൂറായി ക്ലിപ്തപ്പെടുത്തി പണം കടം കൊടുക്കുക, അല്ലെങ്കിൽ കച്ചവടത്തിൽ പണമിറക്കുക തുടങ്ങിയവയെല്ലാം പലിശയാണ്. ലാഭവും നഷ്ടവും സഹിക്കാൻ തയ്യാറാവുകയാണെങ്കിൽ അതനുവദനീയമാണ്, കച്ചവടമാണ്. കച്ചവടത്തേയും പലിശയേയും ഒന്നായി മനസ്സിലാക്കുന്നവർ അങ്ങേയറ്റം അബദ്ധത്തിലാണുള്ളതെന്ന് വിശുദ്ധഖുർആൻ പറയുന്നു. അത്തരക്കാരുടെ ചിത്രം അത് ഇങ്ങനെ വരച്ചുകാണിച്ചിരിക്കുന്നു.

اَلَّذِيْنَ يَأْكُلُوْنَ الرِّبٰوا لَا يَقُوْمُوْنَ اِلَّا
كَمَا يَقُوْمُ الَّذِيْ يَتَخَبَّطُهُ الشَّيْطٰنُ مِنَ
الْمَسِّ ۭ ذٰلِكَ بِاَنَّهُمْ قَالُوْٓا اِنَّمَا الْبَيْعُ مِثْلُ
الرِّبٰوا ۘ وَاَحَلَّ اللّٰهُ الْبَيْعَ وَحَرَّمَ الرِّبٰوا ۭ
فَمَنْ جَاۗءَهٗ مَوْعِظَةٌ مِّنْ رَّبِّهٖ فَانْتَهٰى فَلَهٗ
مَا سَلَفَ ۭ وَاَمْرُهٗٓ اِلَى اللّٰهِ ۭ وَمَنْ عَادَ
فَاُولٰۗىِٕكَ اَصْحٰبُ النَّارِ ۚ هُمْ فِيْهَا خٰلِدُوْنَ ٢٧٦

പലിശമുതൽ തിന്നുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ അടികൊടുത്ത ഒരുവൻ എഴുന്നേല്ക്കുന്നതുപോലെയല്ലാതെ എഴുന്നേല്ക്കുന്നതല്ല. അതിനുകാരണം, കച്ചവടം പലിശപോലെ തന്നെയാണ് എന്ന് അവർ പറയുന്നുവെന്നുള്ളതത്രെ. എന്നാൽ, അല്ലാഹു കച്ചവടത്തെ അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് തന്റെ രക്ഷിതാവിൽനിന്നുള്ള ഉപദേശം തനിക്കു വന്നുകിട്ടുകയും എന്നിട്ട് ആര് വിരമിക്കുകയും ചെയ്യുന്നുവോ, മുമ്പേ വാങ്ങിക്കഴിഞ്ഞത് അവനുള്ളതുതന്നെയായിരിക്കും- അവന്റെ കാര്യം അല്ലാഹുവിങ്കലാണുള്ളത്. എന്നിട്ടും വല്ലവരും പലിശയിലേക്ക് മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളത്രെ; അവർ അതിൽ ദീർഘകാലം താമസിച്ചുകൊണ്ടേപോകും (2:276).

പലിശ വാങ്ങുന്നവരുടെ ചിത്രമാണിത്. വെറുതെ കിട്ടുന്ന സമ്പാദ്യംകൊണ്ട് അവരുടെ മനസ്സ് കഠിനമുള്ളതായിത്തീരുന്നു. പിന്നീട് മറ്റുള്ളവരെക്കുറിച്ചുള്ള വിചാരമൊന്നും അവരുടെ മുമ്പിലുണ്ടാകുകയില്ല. ദരിദ്രനായ ഒരു കർഷകനോ, തൊഴിലാളിക്കോ തന്റെ വിളവ് മോശമായ കാരണത്താലോ, അല്ലെങ്കിൽ വീട്ടിൽ എന്തെങ്കിലും അസാധാരണമായ ചെലവ് പെട്ടെന്ന് വന്നുപോയ കാരണത്താലോ, കടം

വീട്ടാൻ കഴിയാതെ വന്നാൽ അത് മനസ്സിലാക്കാൻ പലിശ തിന്ന് ഹൃദയം കടുത്ത ആൾക്ക് സാധിക്കുകയില്ല. അവന് തന്റെ പണം മാത്രമായിരിക്കും ലക്ഷ്യം. കടം തിരിച്ചുകൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, ആ തുകയ്ക്കുമേൽ പലിശ കുന്നുകൂടുന്നു. പിന്നീട് പലിശയ്ക്ക് പലിശ കൊടുക്കേണ്ടിവരുന്നു. അങ്ങനെ ദരിദ്രൻ ഞെക്കിപ്പിഴിയപ്പെടുന്നു.

അതുകൊണ്ട് ഖുർആനിലെ ഈ കല്പന മുസ്‌ലിംകൾക്കുള്ളതാണ്. ഇക്കാര്യം പ്രത്യേകമായ നിലയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇസ്‌ലാം സാഹോദര്യബന്ധത്തിലൂടെ, ശാന്തിയും സമാധാനവും പരത്താനാഗ്രഹിക്കുന്നു. സാഹോദര്യബന്ധം പ്രകടമാകുന്നത്, ദരിദ്രരെ ശ്രദ്ധിക്കുമ്പോഴാണ്. എന്നല്ല, സുഗമമായ നിബന്ധനയോടെ ആ ദരിദ്രരുടെ ആവശ്യം നിവർത്തിച്ചുകൊടുക്കേണ്ടതാണ്. പൈസയുള്ളയാളുകൾ പൈസ കൂട്ടിവെക്കുന്നതിനു പകരം തൊഴിലുപരമായ കാര്യങ്ങളിൽ വൈവിദ്ധ്യമുള്ള ആളുകളുമായി ചേർന്ന് വ്യവസായങ്ങളിൽ തങ്ങളുടെ പണം ഇറക്കുന്നത് കൂടുതൽ നല്ലതായിരിക്കും.

ഇപ്പോൾ ചില മുസ്‌ലിം രാഷ്ട്രങ്ങളിൽ പലിശരഹിതമായി കടം കൊടുത്തുവരുന്നുണ്ട്. എന്നല്ല, ഇവിടെയും 'ഇസ്‌ലാമിക് ബാങ്കിംഗ്' എന്ന പേരിൽ– ഇപ്പോൾ ഇതിന്റെ തുടക്കമാണെങ്കിൽതന്നെ പലിശരഹിതബാങ്ക് എന്ന നിലയിലാണ് പരിചയപ്പെടുത്തിവരുന്നുണ്ട്. നമ്മുടെ അബ്ദുസ്സലാം സാഹിബിന്റെ മകൻ അഹ്മദ് സലാം സാഹിബ് ഈ പലിശരഹിത ബാങ്കിനുവേണ്ടി വളരെയേറെ അധ്വാനിച്ചിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി ബാങ്കിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് വ്യവസായങ്ങൾ നടത്താൻ അറിയുന്നവരും അല്ലെങ്കിൽ സ്വന്തമായിട്ട് വ്യവസായങ്ങൾ ഉള്ളവരുമായ അഹ്മദികൾ പാശ്ചാത്യൻനാടുകളിലും അത് തുടങ്ങുകയോ അല്ലെങ്കിൽ വിപുലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. അങ്ങനെ അവർ പലിശയില്ലാതെ പരിശുദ്ധമായ വ്യവസായം ചെയ്യുന്നതിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരുമായിത്തീരും. തങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നവരുമായിരിക്കും. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാനുള്ള കഴിവും അവരിൽ വർദ്ധിക്കും. തൊഴിലാളികളെ വെച്ചുകൊണ്ട് നടത്താൻ സാധിക്കുന്ന വ്യവസായങ്ങളാണെങ്കിൽ, തൊഴിൽരഹിതരായ ആളുകൾക്ക് തൊഴിലുകളും കൊടുക്കുന്നവരായിത്തീരും. ഇവിടെ ഇപ്പോൾ ഇതിലേക്ക് നല്ല ശ്രദ്ധയുണ്ടായിട്ടുണ്ട്. അതുകൊണ്ട് അഹ്മദികളും ഇതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. യൂറോപ്പിലോ മറ്റെവിടെയാണെങ്കിലും ബന്ധപ്പെട്ട ജമാഅത്തുകൾ അവരവരുടെ നാട്ടിലെ നിയമവശങ്ങളൊക്കെ മനസ്സിലാക്കി, ജമാഅത്തിലെ അംഗങ്ങൾക്കും ഇതിനെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ടതാണ്; അങ്ങനെയാകുമ്പോൾ അവരുടെ സഹോദരങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി ശ്രമിക്കുന്നവരായിരിക്കും അവർ. കുറച്ച് വരുമാനമുള്ള വീടുകളിൽ ഏറെ വിഷമങ്ങളുണ്ട്. അതെല്ലാം അകറ്റാനും അവർക്ക് കഴിയുന്നതാണ്.

എന്റെ കഴിഞ്ഞ ഖുത്ബ കേട്ടതിനുശേഷം ചിലയാളുകൾ പലിശയെ ഭയന്നുകൊണ്ട് എനിക്ക് കത്തെഴുതി. തങ്ങൾ വീടെടുത്തിരിക്കുന്നത് പലിശക്കെടുത്ത പണം കൊണ്ടാണ്. ഇന്ന കാര്യം ചെയ്തു വരുന്നത് പണം പലിശയ്ക്കെടുത്താണ്. ഇത് അനുവദനീയമാണോ അല്ലേ, എന്നൊക്കെ അതിൽ ചോദിച്ചിരിക്കുന്നു. അല്ലാഹു പലിശയെ നിഷിദ്ധമാക്കിയിരിക്കുന്നു എന്നാണ് ഒന്നാമതായി എനിക്കു പറയാനുള്ളത്. ഉപദേശം വന്നുകിട്ടിയാൽ, അതനുസരിച്ച് പ്രവർത്തിക്കാനാണ് കല്പന. നിത്യവും ഖുർആൻ പാരായണം ചെയ്യുന്നവരാണ് അഹ്മദികൾ. അവർക്കിത് അറിയുകയും ചെയ്യാം. പക്ഷേ, ഇവിടെ ഉന്നയിക്കുന്ന പ്രശ്നം വീടുകൾ പണയത്തിലാണ് എന്നതാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഏതെങ്കിലും സാമ്പത്തിക വ്യവസ്ഥിതിയിൽ എന്തെങ്കിലും ഉയർച്ചയോ താഴ്ചയോ ഉണ്ടായിട്ടുണ്ടെങ്കിൽ പുതിയ ഭേദഗതി ആവശ്യമായിവരാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പൊതുവെ ജമാഅത്ത്, അതായത് പണയത്തിന് വീട് എടുക്കുക എന്ന കാര്യം അനുവദിക്കാറുണ്ട്. മുൻകാല ഖലീഫമാരും അനുവാദം കൊടുത്തിരുന്നു. ഇതിനെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത്, വാടകയുടെ പണത്തിന് തുല്യമായിട്ടുള്ളതാണ് വീടിന്റെ പണയമെങ്കിൽ അതിന് കുഴപ്പമൊന്നുമില്ല എന്നാണ്. കുറച്ചു കാലം കഴിയുമ്പോൾ സ്ഥലത്തിനും വീടിനുമൊക്കെ വില വർദ്ധിക്കാറുണ്ട്. ബുദ്ധിയുള്ളവർ അപ്പോൾ ചിന്തിക്കുകയും അവർ അവരുടെ വീട് വിറ്റ് വേറെ സ്ഥലത്ത് വീടെടുക്കുകയും അങ്ങനെ ബാങ്കിന്റെ പലിശയിൽനിന്ന് മോചിതരാവുകയും ചെയ്യുന്നു. പക്ഷേ താമസിക്കാനുള്ള വീടിനാണ് ഈ അനുവാദമെന്ന നിബന്ധന ഓർക്കേണ്ടതാണ്. വാണിജ്യപരമായ കാര്യങ്ങൾക്ക് ഇതനുവദനീയമല്ല. അതുകൊണ്ട് വസിയ്യത്ത് ചെയ്യുന്നവർ പണയത്തിന് കൊടുക്കുന്ന വീടും അതിൽ ഉൾപ്പെടുത്തുന്നു. എന്തായാലും, അന്വേഷണതൽപരരായ ആർക്കെങ്കിലും ഇതിനെക്കുറിച്ച് മറ്റെന്തെങ്കിലും അറിവ് ലഭിക്കുകയാണെങ്കിൽ എന്നോടു പറയുക. ഇതിനെക്കുറിച്ച് അന്വേഷിക്കുക;

അങ്ങനെയായാൽ കൂടുതൽ വിവരം അറിയാൻ കഴിയുമല്ലോ.

ഇസ്‌ലാം ഞാൻ പറഞ്ഞതുപോലെ സാഹോദര്യബന്ധം നിറഞ്ഞതും എല്ലാതരം കലഹങ്ങളിൽ നിന്നും മുക്തമായതും ഐക്യവും സമാധാനവും പരത്തുന്നതുമായ സമൂഹം സ്ഥാപിക്കാനാണ് പറയുന്നത്. പലിശ ശക്തമായ നിലയിലാണ് വിരോധിച്ചിട്ടുള്ളതെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. പലിശ കാരണമാണ് ചില കലഹങ്ങൾ ഉണ്ടാകുന്നതെന്ന് ഒന്നാമതായി അല്ലാഹു പറഞ്ഞു. തുടർന്ന് പറഞ്ഞു: സാമ്പത്തികസ്ഥിതി മോശമായ ആർക്കെങ്കിലും നിങ്ങൾ കടം കൊടുക്കുന്നതായാൽ, അവർ അതിൽനിന്ന് കരേറുന്നതുവരെ അവർക്ക് അവധി നീട്ടിക്കൊടുക്കുക. അല്ലാഹു പറയുന്നു:

وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَن تَصَدَّقُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿٢٨٠﴾

പ്രയാസമുള്ള വല്ല ആളും ഉണ്ടെങ്കിൽ അയാൾക്ക് സൗകര്യമുണ്ടാകുന്നതുവരെ അവധി നല്കേണ്ടതാണ്. നിങ്ങൾ (അയാൾക്ക്) ധർമമായി വിട്ടുകൊടുക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കും; നിങ്ങൾ കാര്യം ഗ്രഹിക്കുന്നുണ്ടെങ്കിൽ (2:281).

അതിനാൽ പലിശ വാങ്ങാനെ പാടില്ല. നിങ്ങൾ കടം കൊടുക്കുകയാണെങ്കിൽ കടം വാങ്ങുന്നവരുടെ വരുമാനമാർഗ്ഗങ്ങളും ഗൗനിക്കേണ്ടതാണ്. കാരണം പരസ്പരം ഇങ്ങനെ ശ്രദ്ധിക്കുമ്പോൾ സ്നേഹവും സന്തോഷവും വർദ്ധിക്കും. കടക്കാരന്റെ ഞെരുക്കം എപ്പോഴും ശ്രദ്ധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കൊടുത്തയാൾക്ക്, വാങ്ങിയ ആളുടെ കടം മാപ്പാക്കാൻ കഴിയുമെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി മാപ്പു കൊടുക്കേണ്ടതാണ്. പക്ഷേ, കടം വാങ്ങിയ ആൾ അതിന്നർഹനാണോ എന്ന് നിർബന്ധമായും നോക്കേണ്ടതാണ്. നിങ്ങളുടെ ഈ പ്രവൃത്തി അല്ലാഹുവിന്റെ സാമീപ്യത്തെ നിങ്ങൾക്ക് പ്രദാനം ചെയ്യും.

ഇവിടെ അനുബന്ധമായി ഒന്നു പറയട്ടെ, നമ്മുടെ വക്കീൽമാരുടെ അടുത്ത് ദരിദ്രരായ ചിലയാളുകളുടെ കേസുകൾ വരാറുണ്ട്. ഫീസ് ചാർജ് ചെയ്യുമ്പോൾ, അവരെ തികച്ചും കടക്കാരരാക്കുന്ന വിധത്തിൽ ഈടാക്കാതിരിക്കുക. നിങ്ങളുടെ കേസ് വിജയിച്ച് നിങ്ങൾക്ക് ജോലി കിട്ടുമ്പോൾ ഇത്ര പണം തരണമെന്നാവശ്യപ്പെടുന്നതും ശരിയല്ല. ആരുടെയെങ്കിലും നിർബന്ധിതാവസ്ഥയെ ചൂഷണം ചെയ്ത് നേട്ടമുണ്ടാക്കുക എന്നത്, എവിടെയായാലും ഇസ്‌ലാം വിരോധിക്കുന്നു.

അല്ലാഹുവിന്റെ റഹ്മത്തിലും ഫള്‌ലിലും ഭാഗഭാക്കാകണമെങ്കിൽ, നിങ്ങളുടെ കടത്തിൽ കുടുങ്ങികിടക്കുന്ന സഹോദരനോടു അനുകമ്പയോടെ വർത്തിക്കണം. അവർക്ക് നേട്ടമുണ്ടാക്കിക്കൊടുക്കണം. ഈ നേട്ടമാണ് പിന്നീട് നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരാക്കി മാറ്റുന്നത്. ഒരു മുസൽമാൻ പ്രത്യേകിച്ച് അഹ്മദി ഇക്കാര്യം പ്രത്യേകമായി ഗൗനിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് ആരുടെയെങ്കിലുംമേൽ സാമ്പത്തിക ശ്രേഷ്ഠത നല്കീട്ടുണ്ടെങ്കിൽ, അവനോട് അതിനുള്ള നന്ദി പ്രകടിപ്പിക്കുന്ന ഒരു രീതി, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ദരിദ്ര സഹോദരനെ സഹായിക്കുക എന്നതാണ്. കാഠിന്യത്തോടെ പെരുമാറിയാൽ, താൻ ഏറ്റവും വലിയ ശക്തനാണെന്നോർത്തുകൊള്ളാൻ അല്ലാഹു പറയുന്നു. അവൻ നിങ്ങളോടും കാഠിന്യത്തോടെ പെരുമാറുന്നതാണ്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള തഖ്‌വയും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കല്പനയൊന്നും പാലിക്കാത്ത മുസ്‌ലിമും, ഒരു നന്മയും ചെയ്യാത്ത അമുസ്‌ലിമും സമമാണെന്ന് പറഞ്ഞിരിക്കുന്നു. അവരെ താരതമ്യം ചെയ്തുകൊണ്ട് പറയുന്നു. കുടുംബത്തിൽനിന്ന് ഒഴിവാക്കിയ കുട്ടിയെപോലെയാണ് അമുസ്‌ലിം. അവൻ നന്ദികെട്ടവനാകുകയോ പിതാവ് പറയുന്നത് കേൾക്കാതിരിക്കുകയോ ചെയ്താൽ അവനുമായിട്ടുള്ള ബന്ധം പിതാവ് വിച്ഛേദിക്കുന്നു. അവൻ എന്തു ചെയ്തുകൊണ്ടിരുന്നാലും അവന്റെ പിതാവിന് അവനുമായി ഒരു ബന്ധവും ഉണ്ടാകുകയില്ല. എന്നാൽ, ഒരു മുസ്‌ലിമിന്റെ ഉദാഹരണം, കുടുംബത്തിൽ വളരുന്ന ഒരു കുട്ടിയെപോലെയാണ്. അവൻ എന്തെങ്കിലും വേണ്ടാത്തതു ചെയ്താൽ, അവന് ശിക്ഷ കിട്ടുന്നു. അത്തരം മുസ്‌ലിമിന് ഈ ലോകത്തോ അടുത്ത ലോകത്തോ അല്ലാഹുവിൽനിന്ന് ശിക്ഷ കിട്ടാനിടയുണ്ട്. അല്ലെങ്കിൽ രണ്ടുസ്ഥലത്തും ശിക്ഷ കിട്ടിയേക്കാം.

അതുകൊണ്ട് നന്ദികേട് കാണിച്ചിട്ടും പിടിക്കാതെ അല്ലാഹു ആർക്കെങ്കിലും ഇളവ് തരുന്നുവെങ്കിൽ, അത്, അവർ അവരെ സ്വയം നന്നാക്കി

നിറുത്തുന്നതിനുവേണ്ടിയാണ്; അതായത് ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ. ഉദാഹരണത്തിന് ദരിദ്രരെ പ്രത്യേകം ഗൗനിക്കുക എന്ന കല്പന തന്നെ. നിങ്ങളുടെ സഹോദരങ്ങളെ കൂടുതൽ ഞെരുക്കത്തിൽ പെടുത്തുന്നതിനു പകരം അവർക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുക. അവർക്ക് സൗകര്യം ചെയ്തുകൊടുക്കുക. അങ്ങനെ സമാധാനം പരത്തുന്നതിനാൽ ദരിദ്രരുടെ ദുആയ്ക്ക് അർഹരായിത്തീരും. അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നവരായിത്തീരും.

ആരുടെയെങ്കിലും കൈയിൽനിന്ന് കടം വാങ്ങിയിട്ട് മടക്കിത്തരാൻ എന്റെ കൈയിൽ പണമില്ല എന്ന് കടം വാങ്ങിയവനും പറയാൻ പാടില്ല. അയാളും ഇക്കാര്യം ശ്രദ്ധിക്കാൻ ബാധ്യസ്ഥനാണ്. ഏതെങ്കിലും കരാറിൽ സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ കരാർ നിറവേറ്റേണ്ടത് അത്യാവശ്യമാണ്. തന്ത്രങ്ങൾ കാണിക്കുന്നതിനു പകരം എങ്ങനെയെങ്കിലും കടം വീട്ടാൻ ശ്രമിക്കേണ്ടതാണ്. ഇനി കടം വീട്ടാൻ കഴിയുന്നില്ലെങ്കിൽ സത്യമായനിലയിൽ എല്ലാ അവസ്ഥയും കടം തന്നയാളെ അറിയിക്കണം. അയാളിൽനിന്ന് അവധി നീട്ടിവാങ്ങണം. ഇക്കാര്യങ്ങളാണ് രണ്ടുപേർക്കും പരസ്പരം ഐക്യത്തോടുകൂടി ജീവിക്കുന്നതിനും സ്നേഹം വർദ്ധിക്കുന്നതിനും ഇടയായിത്തീരുന്നത്. പരസ്പരം വഞ്ചിക്കാൻ പാടില്ല. താൻ പാവത്താനായതുകൊണ്ട് അല്ലാഹു പൊറുത്തുതരുമെന്ന് കടം വാങ്ങിയ ആൾ കരുതുകയാണെങ്കിൽ ആ രീതി ശരിയല്ല. അയാൾ അസത്യവാനാണ്. അസത്യവാൻ എപ്പോഴും അല്ലാഹുവിന്നെതിരിൽ എഴുന്നേറ്റുനില്ക്കും. അത് അല്ലാഹു വെറുക്കുന്നു. കടം കൊടുക്കുന്നയാൾ, താൻ കടം വാങ്ങിയ ആളിന്റെ സ്ഥാനത്തായിരിക്കുകയും തന്റെ അവസ്ഥ മോശമാകുകയും ചെയ്യുകയാണെങ്കിൽ തനിക്ക് കടം തന്നയാൾ തന്നോട് വിനീതമായി പെരുമാറിയിരുന്നെങ്കിൽ എന്ന് പ്രതീക്ഷിക്കുമായിരുന്നില്ലേ? കാലാവധി നീട്ടിക്കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുമായിരുന്നില്ലേ? ഈ രീതിയിൽ നല്ലവണ്ണം ചിന്തിച്ച് കടം വാങ്ങിയ ആളോട് പെരുമാറേണ്ടതാണ്. ഇപ്രകാരംതന്നെ കടം വാങ്ങിയ ആൾ, കടം കൊടുത്തയാളുടെ സ്ഥാനത്ത് തന്നെ കണ്ടുകൊണ്ട് വാങ്ങിയ ആൾ തനിക്ക് പണം തിരിച്ചുതന്നില്ലെങ്കിൽ എന്താകുമായിരുന്നുവെന്നും തനിക്ക് അത് സഹിക്കാൻ കഴിയുമായിരുന്നോ എന്നും ചിന്തിക്കണം. ഇരുഭാഗത്തും ഇത്തരം ചിന്താഗതിയുണ്ടാകുകയാണെങ്കിൽ തീർച്ചയായുമത് സൽഫലമുളവാക്കുന്നതായിത്തീരുന്നതാണ്. അങ്ങനെ പരസ്പരമുള്ള ബന്ധവും ഉത്തമമായിത്തീരും.

യഥാർത്ഥ മുസ്ലിമായിത്തീരാൻ, 'ഏതൊന്നാണോ തനിക്കായി ഇഷ്ടപ്പെടുന്നത് അത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക' എന്ന ഹദീസ് അനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. ഈ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവൻ ഐക്യവും സമാധാനവും മൈത്രിയും മാത്രമെ പ്രചരിപ്പിക്കുകയുള്ളൂ. പലിശയെക്കുറിച്ച് അല്ലാഹു പറയുന്നു:

يَاأَيُّهَا الَّذِينَ آمَنُوا لَا تَأْكُلُوا الرِّبَا أَضْعَافًا مُضَاعَفَةً وَاتَّقُوا اللَّهَ لَعَلَّكُمْ تُفْلِحُونَ ﴿١٣١﴾

വിശ്വസിച്ചവരേ, പലിശയുടെമേൽ പലിശമുതൽ നിങ്ങൾ തിന്നരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക; നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി (3:131).

ഇതിനെക്കുറിച്ച് ചിലയാളുകൾ പറയുന്നത് പലിശ വിരോധിച്ചിട്ടില്ല, പലിശയ്ക്കു പലിശ വാങ്ങുന്നതാണ് വിരോധിച്ചിട്ടുള്ളത് എന്നാണ്. വ്യക്തമായ കല്പനകൾ നാം കണ്ടുവന്നതിനുശേഷം, ഇങ്ങനെ ഇതിന് വ്യാഖ്യാനം പറയുന്നത് തെറ്റാണ്. ഈ വചനം ആദ്യത്തെ വചനത്തിന് വിരുദ്ധമല്ല. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് ഞാൻ കേൾപ്പിക്കാം. സർസയ്യിദ് അഹ്മദ്ഖാനെ ഉദ്ധരിച്ചുകൊണ്ട് ആരോ പറഞ്ഞപ്പോൾ മസീഹ് മൗഊദ്(അ) പറഞ്ഞു: "പലിശയുടെമേൽ പലിശ വാങ്ങുന്നതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞതെന്നും പലിശ അനുവദനീയമാണെന്നും പറയുന്നത് തെറ്റാണ്. അതായത്, പലിശയുടെമേൽ പലിശ വാങ്ങുന്നത് നിഷിദ്ധമാണെന്നും പലിശ അനുവദനീയമാണെന്നും പറയുന്നു. ഒരിക്കലും ഇതല്ല ശരീഅത്തിന്റെ ഉദ്ദേശ്യം. പാപങ്ങളുടെ മേൽ പാപം ചെയ്യാതിരിക്കുക എന്ന് പറയുന്നതുപോലെയാണിത്. ഇതിന്റെ അർത്ഥം പാപം തീർച്ചയായും ചെയ്യുക എന്നല്ല. അല്ലെങ്കിൽ പാപം ചെയ്യാൻ അനുവാദമുണ്ട് എന്നുമല്ല."

കലഹങ്ങളൊന്നും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി വ്യാപാരത്തിൽ എന്തെന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് വിശുദ്ധഖുർആൻ പറയുന്നുണ്ട്:

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اِذَا تَدَايَنْتُمْ بِدَيْنٍ اِلٰٓى
اَجَلٍ مُّسَمًّى فَاكْتُبُوْهُ ؕ وَلْيَكْتُبْ بَّيْنَكُمْ
كَاتِبٌۢ بِالْعَدْلِ ۪ وَلَا يَاْبَ كَاتِبٌ اَنْ
يَّكْتُبَ كَمَا عَلَّمَهُ اللّٰهُ فَلْيَكْتُبْ ۚ
وَلْيُمْلِلِ الَّذِىْ عَلَيْهِ الْحَقُّ وَلْيَتَّقِ اللّٰهَ رَبَّهٗ
وَلَا يَبْخَسْ مِنْهُ شَيْـًٔا ؕ فَاِنْ كَانَ الَّذِىْ
عَلَيْهِ الْحَقُّ سَفِيْهًا اَوْ ضَعِيْفًا اَوْ لَا
يَسْتَطِيْعُ اَنْ يُّمِلَّ هُوَ فَلْيُمْلِلْ وَلِيُّهٗ
بِالْعَدْلِ ؕ وَاسْتَشْهِدُوْا شَهِيْدَيْنِ مِنْ
رِّجَالِكُمْ ۚ فَاِنْ لَّمْ يَكُوْنَا رَجُلَيْنِ
فَرَجُلٌ وَّامْرَاَتٰنِ مِمَّنْ تَرْضَوْنَ مِنَ
الشُّهَدَآءِ اَنْ تَضِلَّ اِحْدٰىهُمَا فَتُذَكِّرَ
اِحْدٰىهُمَا الْاُخْرٰى ؕ وَلَا يَاْبَ الشُّهَدَآءُ
اِذَا مَا دُعُوْا ؕ وَلَا تَسْـَٔمُوْٓا اَنْ تَكْتُبُوْهُ
صَغِيْرًا اَوْ كَبِيْرًا اِلٰٓى اَجَلِهٖ ؕ ذٰلِكُمْ اَقْسَطُ
عِنْدَ اللّٰهِ وَاَقْوَمُ لِلشَّهَادَةِ وَاَدْنٰٓى اَلَّا
تَرْتَابُوْٓا اِلَّآ اَنْ تَكُوْنَ تِجَارَةً حَاضِرَةً
تُدِيْرُوْنَهَا بَيْنَكُمْ فَلَيْسَ عَلَيْكُمْ جُنَاحٌ
اَلَّا تَكْتُبُوْهَا ؕ وَاَشْهِدُوْٓا اِذَا تَبَايَعْتُمْ ۪
وَلَا يُضَآرَّ كَاتِبٌ وَّلَا شَهِيْدٌ ؕ۬ وَاِنْ تَفْعَلُوْا
فَاِنَّهٗ فُسُوْقٌۢ بِكُمْ ؕ وَاتَّقُوا اللّٰهَ ؕ
وَيُعَلِّمُكُمُ اللّٰهُ ؕ وَاللّٰهُ بِكُلِّ شَىْءٍ عَلِيْمٌ ﴿٢٨٣﴾

‘‘വിശ്വസിച്ചവരേ! നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചുകൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതി രേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതിപൂർവ്വം അത് എഴുതട്ടെ. ഒരെഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാണിക്കരുത്. കാരണം അല്ലാഹു അയാളെ എഴുതാൻ പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടതു തന്നെയാണ്. കടബാധ്യതയുള്ളവൻ എഴുതാൻ വാചകം പറഞ്ഞുകൊടുക്കേണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അതിൽ (ഇടപാടു സംഖ്യയിൽ)നിന്ന് ഒന്നുംതന്നെ അവൻ കുറവ് വരുത്തരുത്. ഇനി ധനത്തിന്റെ ബാധ്യതയുള്ളവൻ വിഡ്ഢിയോ, ബലഹീനനോ അഥവാ പറഞ്ഞുകൊടുത്തു എഴുതിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ രക്ഷാകർത്താവ് അവനുവേണ്ടി നീതിപൂർവ്വം വാചകം പറഞ്ഞുകൊടുത്തു എഴുതിക്കേണ്ടതാണ്. നിങ്ങളുടെ പുരുഷന്മാരിൽനിന്ന് രണ്ടുപേരെ ഇതിന്നായി നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുക. എന്നാൽ, ആ രണ്ടു സാക്ഷികൾ പുരുഷന്മാരല്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപെടുന്നവരിൽനിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീയും (ആവട്ടെ). അവർ രണ്ടുപേരിൽ ഒരാൾ മറന്നുപോകുകയാണെങ്കിൽതന്നെ മറ്റവളെ ഓർമ്മിപ്പിക്കുവാനാണിത്. സാക്ഷികളെ വിളിക്കുമ്പോൾ അവർ വിസമ്മതിക്കരുത്. അത് (ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണയിച്ചുകൊണ്ട് അതെഴുതിവയ്ക്കുന്നതിന് നിങ്ങൾ ഉദാസീനത കാണിക്കയുമരുത്. അല്ലാഹുവിന്റെയടുക്കൽ ഏറ്റവും നീതിപൂർവ്വവും, സാക്ഷ്യത്തെ ഏറ്റവും ചൊവ്വായ നിലയിൽ നിറുത്തുന്നതിന് പര്യാപ്തവും, നിങ്ങൾ സംശയിക്കാതിരിക്കാൻ ഏറ്റവും ഉപയുക്തവുമാണിത്. എന്നാൽ, നിങ്ങൾ പരസ്പരം നടത്തുന്ന രൊക്കക്കച്ചവടം ഇതിൽ നിന്ന് ഒഴിവാണ്. അങ്ങനെയാണെങ്കിൽ അത് എഴുതിവയ്ക്കാതിരിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ അന്യോന്യം ക്രയവിക്രയം ചെയ്യുമ്പോഴും സാക്ഷി നിറുത്തുക. എഴുത്തുകാരനേയും സാക്ഷിയേയും വിഷമിപ്പിക്കയുമരുത്. നിങ്ങൾ അങ്ങനെ ചെയ്യുന്നപക്ഷം നിങ്ങളിലുണ്ടാകുന്ന അധർമ്മമായിരിക്കുമത്. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതരുന്നു. അല്ലാഹു സർവകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാണ്’’ (2:283).

ഇത് സുപ്രധാനമായൊരു കല്പനയാണ്. കൊടുക്കൽ വാങ്ങൽ കാരണത്താൽ സമൂഹത്തിലു

ണ്ടാകുന്ന കലഹങ്ങളും കുഴപ്പങ്ങളും അകറ്റാനുള്ള കല്പനയാണിത്. ഇസ്ലാമിന്റെ ഓരോ കല്പനയും അല്ലാഹുവിൽ നിന്നുള്ളതാണെന്നതിനും അത് പരിപൂർണ്ണവും തികവുറ്റതും ആണെന്നതിനുമുള്ള തെളിവാണ് പരസ്പരം കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ എഴുതിരേഖപ്പെടുത്തുക എന്നുള്ള കല്പന. എഴുതിരേഖപ്പെടുത്തുന്ന സമ്പ്രദായം അതിന്റെ പ്രാരംഭദശയിലായിരുന്ന ഘട്ടത്തിൽ അറബികൾ ഇതിലേക്ക് വളരെ കുറച്ചേ ശ്രദ്ധിച്ചിരുന്നുള്ളൂ. കരാറുകൾ രേഖപ്പെടുത്താൻ എത്ര വലിയ സംവിധാനമാണ് തങ്ങൾ കണ്ടുപടിച്ചിരിക്കുന്നതെന്ന് പറഞ്ഞ് ഇന്ന് വികസിത രാഷ്ട്രങ്ങൾ ഊറ്റംകൊള്ളാറുണ്ട്. എന്തായാലും ഇതിലും ഒരുപാട് ചതികൾ പറ്റാറുണ്ട്. പക്ഷേ ഈയൊരു വചനത്തിൽ രണ്ടുപ്രാവശ്യം 'അല്ലാഹുവിനെ ഭയപ്പെടുക' എന്നു പറഞ്ഞുകൊണ്ട് ഒരു സത്യവിശ്വാസിയോട്, നിങ്ങളുടെ ഭൗതികകാര്യവും ശരിയായിത്തീരുന്നത് അല്ലാഹുവിനെ ഭയപ്പെടുമ്പോഴാണെന്ന് പറഞ്ഞിരിക്കുന്നു. ഇതിനുപുറമെ അല്ലാഹു പറഞ്ഞു എന്നുദ്ധരിച്ചുകൊണ്ടും കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഒരു സത്യവിശ്വാസിയുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിനു വേണ്ടിയായിരിക്കുന്നതാണ്. അങ്ങനെതന്നെയാണ് വേണ്ടതും. അല്ലാഹുവിനു വേണ്ടി ചെയ്യണം എന്ന വിചാരത്തോടെ ചെയ്യുന്ന പ്രവൃത്തികളിലൊന്നും വഞ്ചനയുടെ അംശം കാണുകയില്ല. കൊടുക്കൽ വാങ്ങൽ ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ ഓർമ്മയില്ലാതെയാകും എന്നതുകൊണ്ടാണ് അല്ലാഹു ഈ കല്പന നല്കിയിട്ടുള്ളത്. ചിലപ്പോൾ അടുത്തബന്ധുക്കളുമായിട്ടായിരിക്കും ഇടപാട്. അതുകൊണ്ട് അങ്ങനെയങ്ങ് കൊടുക്കുകയും വാങ്ങുകയും ചെയ്യും. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണിത്. പക്ഷേ, കുറച്ചുകാലത്തിനുശേഷം 'ഇതേ വിശ്വാസം' അവിശ്വാസത്തിലേക്ക് വഴുതിപ്പോകുന്നു. ഈ സ്നേഹം, വെറുപ്പിന്റെ രൂപം പ്രാപിക്കുന്നു. പിന്നീട് ചില ഘട്ടങ്ങളിൽ ഇത് കേസും വഴക്കുംവരെ ചെന്നെത്തുന്നു. ഇതൊഴിവാക്കാനും ഈ ബന്ധങ്ങളെ എപ്പോഴും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും വൃത്തത്തിൽ നിറുത്താനും വേണ്ടിയാണ് കടത്തിനും വ്യവസായങ്ങൾക്കും കൊടുക്കൽ വാങ്ങലിനുമുള്ള നിബന്ധനകൾ എപ്പോഴും എഴുതിരേഖപ്പെടുത്താൻ അല്ലാഹു പറഞ്ഞിട്ടുള്ളത്. ഒന്നാമത്, കടം വീട്ടേണ്ട സമയം കൃത്യമായും നിശ്ചയിക്കുക. ഇന്ന കാലത്തിനുള്ളിൽ താൻ ഇത് മടക്കിക്കൊടുക്കണം എന്ന ബോധം വാങ്ങുന്നവനിൽ ഉണ്ടാകാനാണിത്. കൊടുക്കുന്നവൻ നിരന്തരം അയാളെ ബുദ്ധിമുട്ടിക്കാനും പാടില്ല.

എന്നുമാത്രമല്ല സമയം നിജപ്പെടുത്തുന്നതിലൂടെ കടം വാങ്ങുന്നയാൾക്ക് ആ നിബന്ധന തനിക്ക് പൂർണ്ണമായും പാലിക്കാൻ കഴിയുമോ എന്ന് ആലോചിക്കാൻ അവസരവും കിട്ടുന്നു.

പലിശ വാങ്ങുന്നവർ തങ്ങളുടെ വാദമുഖമായി പറയുന്നത് പലിശ നിശ്ചയിക്കുന്നതുകൊണ്ടാണ് കടം വാങ്ങുന്നയാൾക്ക് എത്രയും വേഗം അതടച്ചു തീർക്കണമെന്ന ബോധം ഉണ്ടാകുന്നത് എന്നാണ്. ഈ വാദത്തെ ഇവിടെ അല്ലാഹു ഖണ്ഡിക്കുന്നു. ഒരു സത്യവിശ്വാസി, അല്ലാഹുവിനെ ഭയപ്പെടുന്നത്ര പലിശയെ ഭയപ്പെടുന്നില്ല. പലിശയ്ക്ക് പണം കടമെടുക്കുകയും, ജീവിതകാലത്ത് അത് തിരിച്ചുകൊടുക്കുകയും ചെയ്യാത്ത നിരവധിയാളുകളുണ്ടെന്ന് എനിക്കറിയാം. പിന്നീട് അവരുടെ കടം പെരുകിക്കൊണ്ടിരിക്കും. അല്ലെങ്കിൽ കലഹവും ലഹളയും വഴക്കുമുണ്ടാകുന്നു. ഈ കടം അവരുടെ മക്കൾക്കും വീട്ടാൻ കഴിയുന്നില്ല. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് കടമെടുക്കുകയും അത് തിരിച്ചടക്കാൻ കഴിയാതെ വരികയും ചെയ്താൽ ഞാൻ ഖുത്ബയിൽ പറഞ്ഞതുപോലെ, അത്തരം കടം എടുത്തയാൾക്ക് ചെറുതോ വലുതോ ആയ വസ്തു ഉണ്ടെങ്കിൽ, അത് ലേലം ചെയ്യപ്പെടുന്നു. അങ്ങനെ എല്ലാം നഷ്ടപ്പെടുന്നു. ഇവിടെ ആദ്യമേ പറഞ്ഞത് ദൈവഭയത്തോടെ ചിന്തിക്കുകയും അടച്ചുതീർക്കാൻ കഴിയുമോ എന്നാലോചിക്കുകയും ചെയ്യുക എന്നാണ്. കാരണം വാഗ്ദാനം പാലിക്കാനാണ് അല്ലാഹു ശക്തമായി പറയുന്നത്.

തുടർന്ന് പറഞ്ഞു നിങ്ങളിൽ മൂന്നാമതൊരാൾ ഈ ഉടമ്പടി എഴുതുകയെന്ന്. ഒരു കക്ഷിയോടും അന്യായം ഉണ്ടാകാതിരിക്കാനാണിത്. ബന്ധങ്ങൾ നിലനിറുത്താൻ വേണ്ടി കടം വാങ്ങിയ ആളോടു നിങ്ങളാണ് ഈ നടപടി എഴുതി രേഖപ്പെടുത്തേണ്ടതെന്ന് പറഞ്ഞു. കാരണം കടം കൊടുത്തയാൾ 'എന്തൊക്കെയോ എഴുതിയതാണെ'ന്നുള്ള പരാതി പിന്നീടുണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് കടം വാങ്ങുന്നയാൾ എഴുതിരേഖപ്പെടുത്തുവാൻ പറഞ്ഞത്. തിരിച്ചുകൊടുക്കേണ്ട സമയമാകുമ്പോൾ കലഹം ഉണ്ടാകാനും പാടില്ല.

ഇതിനുശേഷം, അല്ലാഹുവിനെ സൂക്ഷിക്കുക എന്നു പറഞ്ഞു. അതായത് മുസ്ലിമാണെന്ന കാര്യം

മറക്കരുതെന്ന്. മുസ്ലിം എപ്പോഴും ഉടമ്പടി നിറവേറ്റുന്ന ആളായിരിക്കും. ഇപ്പോൾ വാങ്ങുക, അവസരം വരുമ്പോൾ അപ്പോൾ കാണാം എന്ന വിചാരത്തോടെ കാര്യങ്ങൾ നീക്കരുത്. അല്ലാഹുവിന് ജീവൻ മടക്കിക്കൊടുക്കണമെന്നും അതുകൊണ്ട് സമൂഹത്തിലെ ശാന്തിക്കും സമാധാനത്തിനും ഭംഗം വരുത്തരുത്തുന്ന ഒരു പ്രവൃത്തിയും ചെയ്യരുതെന്നും ഓർമ്മവേണം. മടക്കിക്കൊടുക്കാൻ കഴിയുകയില്ലെന്നുകണ്ടാൽ, തന്റെ കൈയിലുള്ളതെല്ലാം കൊടുത്താലും കടം വീടുകയില്ലെന്നു കണ്ടാൽ, പിന്നെ ഉടമ്പടി ചെയ്യാതിരിക്കുക. കടം വാങ്ങാതിരിക്കുക. കടം വാങ്ങിയ ആളെ നിയന്ത്രിക്കുന്നതിനായി എല്ലാ കാര്യങ്ങളും ചിന്തിച്ചതിനുശേഷം പൂർണ്ണശ്രദ്ധയോടെ കരാറെഴുതാനും പറഞ്ഞു. നിബന്ധനകളിൽ ഏറ്റക്കുറച്ചിൽ വരുത്താൻ നിങ്ങൾക്കു കഴിയില്ല. അതുകൊണ്ട് ഓരോ ഘട്ടത്തിലും അല്ലാഹുവിനെ ഭയക്കണം. അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയില്ല.

സമൂഹത്തിലെ ഭൂരിപക്ഷമാളുകളുടെ ആവശ്യങ്ങളെക്കുറിച്ചും പറയാതെവിട്ടിട്ടില്ല. പറഞ്ഞു: ചിലപ്പോൾ ബുദ്ധികുറഞ്ഞവർക്കും അറിവില്ലാത്തവർക്കും ആവശ്യങ്ങളുണ്ടാകും. അപ്പോൾ ബുദ്ധിമാന്മാരും അറിവുള്ളയാളുകളും ആ ആവശ്യക്കാർക്കുവേണ്ടി പ്രതിനിധികളാകണം. അവർക്കുവേണ്ടി ഉടമ്പടി എഴുതിക്കണം. അറിവില്ലാത്തവർ ഉടമ്പടി എഴുതിക്കുമ്പോൾ, തങ്ങളുടെ അവകാശം സംരക്ഷിക്കുന്ന ചില നിബന്ധനകൾ വിട്ടുപോയെന്നുവരാം. അതുകൊണ്ട് അവരുടെ പ്രതിനിധി രാജ്യത്തിന്റെ എല്ലാ നിയമങ്ങളും മുന്നിൽ വെച്ചുകൊണ്ട് അവർക്കുവേണ്ടി എഴുതിക്കണം.

ഉടമ്പടി തയ്യാറായിക്കഴിഞ്ഞാൽ സാക്ഷികളെ നിറുത്താൻ പറഞ്ഞു. ആദ്യം പറഞ്ഞത് രണ്ടു പുരുഷന്മാരെ സാക്ഷിയാക്കാനാണ്. രണ്ടുപുരുഷന്മാരെ കിട്ടിയില്ലെങ്കിൽ ഒരു പുരുഷനും രണ്ടു സ്ത്രീയും വേണം. ഇവരെ നിങ്ങൾ രണ്ടുകൂട്ടരും ഇഷ്ടപ്പെടണം. രണ്ടു സ്ത്രീയെ വച്ചതിലുള്ള യുക്തി, ഇത്തരം വ്യവസായപരവും വാണിജ്യപരവുമായ കാര്യങ്ങളിൽ സ്ത്രീകൾക്ക് താൽപര്യം പൊതുവെ കുറവായതുകൊണ്ടാണ്. ഇതുസംബന്ധമായി ഇവിടെ ഒന്നുരണ്ട് ചോദ്യങ്ങളുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അതിനേയും ഞാൻ വിലയിരുത്തി. എനിക്കുകിട്ടിയ അറിവനുസരിച്ച് ഇവിടേയും, വ്യവസായരംഗത്തും സാമ്പത്തികരംഗത്തും അല്ലെങ്കിൽ ഇടപാട് രംഗത്തും സ്ത്രീകളുടെ സംഖ്യ പുരുഷന്മാരേക്കാൾ വളരെ കുറവാണ്. അതിനോടുള്ള താൽപര്യക്കുറവാണ് ഇത് കാണിക്കുന്നത്.

ഇസ്ലാം ആഗോളമതമാണ്. ചില രാജ്യങ്ങളിൽ ഇതിനോടുള്ള താൽപര്യം ഇല്ലാത്തതിനു തുല്യമാണ്. ഉദാഹരണത്തിന് നമ്മുടെ രാജ്യമായ പാക്കിസ്ഥാൻ. വാണിജ്യപരമായ കാര്യങ്ങളിൽ ഭൂരിഭാഗം സ്ത്രീകൾക്കും താൽപര്യമില്ല. അതിനൊട്ട് അവർ പോകുന്നുമില്ല. രണ്ട് സാക്ഷിയുള്ളതുകൊണ്ട് അത് സാക്ഷ്യത്തെ പ്രബലപ്പെടുത്തും. രണ്ടു പുരുഷന്മാരെ വെച്ചിരിക്കുന്നത്, രണ്ടുപേരുടേയും സാക്ഷ്യം ഒന്നു മറ്റൊന്നിനെ പ്രബലപ്പെടുത്തുന്നതുകൊണ്ടാണ്. ഇനി ഉടമ്പടിയിൽ എന്തെങ്കിലും താൽപര്യക്കുറവ് വരികയോ ഈ സാക്ഷികളെ സാക്ഷിപറയാൻ വിളിക്കുകയോ ചെയ്താൽ എവിടെയാണെങ്കിലും അവർ നിഷേധിക്കാൻ പാടില്ല. സന്തോഷത്തോടെ ഹാജരാകണം. യഥാർത്ഥ അവസ്ഥയനുസരിച്ച് പൂർണ്ണമായും കാര്യങ്ങൾ പറയണം. അങ്ങനെയായാൽ നല്ലരീതിയിൽ തീരുമാനമെടുത്ത് സമൂഹത്തിലെ സമാധാനം നിലനിറുത്താൻ കഴിയും.

പിന്നീട് പറഞ്ഞു, റൊക്കക്കച്ചവടമോ വാങ്ങലും വില്പനയും നേരിട്ട് നടക്കുകയോ ആണെങ്കിൽ, എഴുതിരേഖപ്പെടുത്തേണ്ട ആവശ്യമില്ല. പക്ഷേ, ഇതിലും ചില വഴക്കാളികൾ തന്ത്രം തിരഞ്ഞുനടക്കാറുണ്ട്. അതുകൊണ്ട് എപ്പോഴും വാങ്ങുന്നയാൾ കലഹം ഒഴിവാക്കാൻ നല്ലവണ്ണം ചിന്തിച്ച് പരിശോധിച്ച് സാധനം വാങ്ങേണ്ടതാണ്.

വ്യവസായപരമായിട്ടുള്ള ദീർഘമായ ഉടമ്പടിയാണെങ്കിൽ, നേരത്തെ പറഞ്ഞതുപോലെ നിബന്ധന പാലിച്ച് അതെഴുതി രേഖപ്പെടുത്തണ്ടതാണ്. ഇവിടേയും പറഞ്ഞത് അല്ലാഹുവിനെ ഭയപ്പെടുക എന്നാണ്. കൊടുക്കുന്നയാളും വാങ്ങുന്നയാളും രണ്ടുപേരും, അല്ലാഹു അവരെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു എന്ന കാര്യം ഓർക്കണം.

ഇതിനുപുറമെ വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ കടത്തെക്കുറിച്ചും കൊടുക്കൽ വാങ്ങലിനെക്കറിച്ചും പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് സ്നേഹവും സമാധാനവും പ്രചരിപ്പിക്കാനും അത് സമൂഹത്തിൽ സ്ഥാപിക്കാനും കഴിയും.

കുറച്ചു വർഷം മുമ്പേവരെ സഹോദരന്മാർക്കിടയിൽ മാതൃകാപരമായ സ്നേഹം കാണാമായിരുന്നു. ഇന്ന് സഹോദരനിൽനിന്ന് സഹോദരനെ അക

റ്റിക്കളയുന്ന രീതി കണ്ടുവരുന്നു. വെറുപ്പും കുശുമ്പും അസൂയയും അവരെ പരസ്പരം അന്ധരാക്കുന്നു. പാലിക്കാൻ പറഞ്ഞ കല്പനയനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ടാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു ഒരിടത്ത് ഇങ്ങനെ പറഞ്ഞു:

وَلَا تَأْكُلُوٓا أَمْوَالَكُم بَيْنَكُم بِالْبَاطِلِ
وَتُدْلُوا بِهَآ إِلَى الْحُكَّامِ لِتَأْكُلُوا فَرِيقًا مِّنْ
أَمْوَالِ النَّاسِ بِالْإِثْمِ وَأَنتُمْ
تَعْلَمُونَ ﴿١٨٩﴾

നിങ്ങളുടെ ധനം നിങ്ങൾ കളവും വഞ്ചനയും മുഖേന പരസ്പരം തിന്നരുത്. അറിഞ്ഞുകൊണ്ട് നിങ്ങൾ ജനങ്ങളുടെ ധനത്തിൽ ഒരു ഭാഗം കുറ്റകരമാംവിധം കരസ്ഥമാക്കി ഭക്ഷിക്കുന്നതിന് അതുമായി ഭരണാധികാരികളെ കോഴകൊടുത്ത് സമീപിക്കയുമരുത് (2:189).

പരസ്പരം മുതൽ അന്യായമായി തിന്നരുതെന്നാണ് കല്പന. പൊതുമുതലും തിന്നരുത്. കൈക്കൂലി കൊടുത്ത് തെറ്റായി വിധി സമ്പാദിക്കരുത്. ഒരാൾ മറ്റൊരാളുടെ മുതലിനുമേൽ കണ്ണുവയ്ക്കാൻ പാടില്ല. ആരുടെയെങ്കിലും സ്വത്തിൽ കോടതി ഇതരന് അവകാശം നല്കിയാലും അത് തന്റെ സ്വത്തു തന്നെയാണോ എന്ന് പരിശോധിക്കണം. 'നിങ്ങൾ തീക്കട്ടയാണ് നിങ്ങളുടെ പോക്കറ്റിലിടുന്ന'തെന്ന നബി(സ)യുടെ ഉപദേശം എപ്പോഴും മുന്നിൽ വയ്ക്കേണ്ടതാണ്. ഇല്ലെങ്കിൽ ഇരുവീടുകളിലും വെറുപ്പ് വളരും. സമൂഹത്തിൽ കുഴപ്പവും കലഹവും ഉണ്ടാകും. അന്യായമായി മുതൽ തിന്നുന്ന കാരണത്താൽ, സ്വന്തം വീട്ടിലെ സമാധാനവും ഇല്ലാതാകും. അതുകൊണ്ട് ഇക്കാര്യം വളരെ നിർബന്ധമായും പാലിക്കേണ്ടതാണ്. ഒരു പ്രകാരത്തിലും സ്വയം സമാധാനത്തിൽനിന്ന് പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണം. അല്ലാഹു എല്ലാ അഹ്മദികളേയും ഇത്തരം കാര്യങ്ങളിൽനിന്ന് സുരക്ഷിതരാക്കി വയ്ക്കുമാറാകട്ടെ. അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ ആക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 15.6.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala